## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5212 | 27-07-2015 -ൽ മറുപടിക്ക്

# ആലപ്പുഴ ജില്ലയിലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവൃത്തികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ആർ. രാജേഷ്** | | **ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) ബി) സി) | വിവരം ശേഖരിച്ചു വരുന്നു. |
| ബി) | ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ എന്തൊക്കെയെന്നും പൂർത്തീകരിക്കാനുള്ളവ ഏതൊക്കെയെന്നും വിശദമാക്കുമോ; | | |
| സി) | നിർത്തിവെച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; | | |
| ഡി) | പ്രവൃത്തികൾ നിർത്തിവെക്കാനിടയായ സാഹചര്യങ്ങൾ വിശദമാക്കുമോ; | ഡി) | കാലവർഷക്കെടുതി മൂലം ഗതാഗത യോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ അടിയന്തിര പുനരുദ്ധാരണം നടത്തുന്ന തിനുള്ള മാനദണ്ഡങ്ങൾ 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരമായിരുന്നു നിലവിലുണ്ടായിരുന്നത്. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കാലാവധി 31.03.2015-ന് അവസാനിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഫണ്ടുപയോഗിച്ച് പുതിയ പ്രവൃത്തികൾ നടപ്പിൽ വരുത്തുവാൻ കഴിയാത്തതിനാൽ 2015 മാർച്ച് 31-നു മുമ്പായി പൂർത്തീകരിക്കാനാവാത്ത പ്രവൃത്തികൾ തുടരേണ്ടതില്ലെന്ന് നിർദ്ദേശം നൽകിയിരുന്നു. |
| ഇ) | പ്രസ്തുത പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഇ) | 31.03.2015-നു മുമ്പ് ആരംഭിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി വരെ പൂർത്തീകരണ കാലാവധി 03.06.2015-ലെ 5054/കെ1/15/ഡി.എം.ഡി നമ്പർ കത്തുപ്രകാരം പുന:സ്ഥാപിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ